Maximum : 100 marks

Time : 1 hour and 30 minutes

1. ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല കലാപങ്ങളിൽ പെടാത്തത് ഏത്?
   - (A) പഴശ്ശി വിപ്ലവം
   - (B) നിവർത്തന പ്രക്ഷോഭം
   - (C) തിരുവിതാംകൂർ കലാപം
   - (D) കുറിച്യർ കലാപം

2. കേരള നവോത്ഥാനവുമായി ബന്ധപ്പെട്ട ചില സംഭവങ്ങളെ കുറിച്ചും അവർക്ക് നേതൃത്വം വഹിച്ചവരെക്കുറിച്ചുമുള്ള പട്ടികയാണിത്. ഉചിതമായി യോജിപ്പിച്ചത് കണ്ടെത്തുക :

   1. വൈക്കം സത്യാഗ്രഹം
   2. മിശ്രഭോജനം
   3. ഇസ്ലാം ധർമ്മ പരിപാലനസംഘം
   4. പന്മന ആശ്രമം
   5. ചട്ടമ്പിസ്വാമികൾ
   6. ശ്രീനാരായണഗുരു
   7. വക്കം അബ്ദുൾ ഖാദർ മൗലവി
   8. കെ.പി. കേശവമേനോൻ
   9. സഹോദരൻ അയ്യപ്പൻ

   - (A) 1-9; 2-8; 3-7; 4-6
   - (B) 1-5; 2-6; 3-7; 4-8
   - (C) 1-8; 2-9; 3-7; 4-5
   - (D) 1-6; 2-5; 3-9; 4-7

3. വി.ടി. ഭട്ടതിരിപ്പാടിനെ കുറിച്ച് തന്നിരിക്കുന്ന പ്രസ്താവനകളിൽ ശരിയല്ലാത്തത് ഏത്?
   - (A) കണ്ണീരും കിനാവും എന്ന ആത്മകഥയുടെ സൃഷ്ടാവ്
   - (B) കേരള സാഹിത്യ അക്കാദമി 1976-ൽ വിശിഷ്ട ഫെല്ലോഷിപ്പ് നൽകി ആദരിച്ചു
   - (C) നായർ തറവാടുകളിലെ സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾ പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു
   - (D) മേഴത്തൂർ അഗ്നിഹോത്രിയുടെ താവഴിയിൽ പെട്ടത്

4. മലബാർ കലാപത്തെക്കുറിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക :
   1. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ കാർഷിക കലാപമായും വർഗ്ഗീയ കലാപമായും മാറിമാറി വ്യാഖ്യാനിക്കപ്പെട്ടു
   2. മലപ്പുറം ജില്ലയിലെ ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട് താലൂക്കുകൾ കേന്ദ്രീകരിച്ചു നടന്നത്
   3. ബ്രിട്ടീഷുകാർക്കെതിരായി മലബാർ മേഖലയിൽ ആരംഭിച്ച സായുധ കലാപം
   4. ഈ ലഹളയുടെ ഭാഗമായി നിരവധി ഹൈന്ദവർ നിർബന്ധിത മതപരിവർത്തനത്തിന് വിധേയമാക്കപ്പെട്ടു.
   5. 1921-22 വർഷങ്ങളിൽ നടന്നു

   - (A) 1, 3, 5 പ്രസ്താവനകൾ ശരിയാണ്
   - (B) 2, 4, 5 പ്രസ്താവനകൾ ശരിയാണ്
   - (C) 1, 2, 5 പ്രസ്താവനകൾ ശരിയാണ്
   - (D) എല്ലാ പ്രസ്താവനകളും ശരിയാണ്

5. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാപിതമായത് :

(A) 1885 (B) 1905
(C) 1921 (D) 1947

6. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ചില സംഭവങ്ങൾ ചുവടെ ചേർക്കുന്നു. ഈ സംഭവങ്ങളുടെ ശരിയായ കാലക്രമം കണ്ടെത്തുക :

1. ജാലിയൻവാലാബാഗ് കൂട്ടക്കൊല
2. ഖിലാഫത്ത് പ്രസ്ഥാനം
3. സ്വരാജ് പാർട്ടിയുടെ രൂപീകരണം
4. സൈമൺ കമ്മീഷൻ വരവ്

(A) 1, 2, 3, 4 (B) 4, 3, 2, 1
(C) 3, 4, 2, 1 (D) 2, 3, 4, 1

7. ഇന്ത്യൻ ബഹിരാകാശ ഗവേഷണകേന്ദ്രത്തിന്റെ ആസ്ഥാനം :

(A) ന്യൂഡൽഹി (B) ബംഗളൂരു
(C) ചെന്നൈ (D) മുംബൈ

8. മിസൈൽ മാൻ ഓഫ് ഇന്ത്യ എന്നറിയപ്പെടുന്നത് ആരെയാണ്?

(A) ഡോ. സി.വി. രാമൻ (B) ഡോ. എ.പി.ജെ. അബ്ദുൽ കലാം
(C) ഡോ. ഹർ ഗോവിന്ദ് ഖുരാന (D) ഡോ ചന്ദ്രശേഖർ

9. മെസപ്പൊട്ടേമിയൻ സംസ്കാരത്തെക്കുറിച്ച് താഴെ തന്നിരിക്കുന്ന പ്രസ്താവനകളെ വിലയിരുത്തുക :

1. യൂഫ്രട്ടീസ്, ടൈഗ്രീസ് നദീതടങ്ങളിൽ നിലനിന്നിരുന്നത്
2. ബി.സി. 1000-ൽ രൂപം കൊണ്ടതായി പറയപ്പെടുന്നു
3. പ്രധാന പട്ടണമാണ് ഉർ
4. ബാബിലോണിയൻ സാമ്രാജ്യം ഇവിടെയാണ് നിലനിന്നിരുന്നത്

(A) 1, 2 പ്രസ്താവനകൾ തെറ്റാണ് (B) രണ്ടാമത്തെ പ്രസ്താവന തെറ്റാണ്
(C) എല്ലാ പ്രസ്താവനകളും ശരിയാണ് (D) എല്ലാ പ്രസ്താവനകളും തെറ്റാണ്

10. മോഹൻജദാരോ, ഹാരപ്പ എന്നീ സിന്ധുനദീതട കേന്ദ്രഭരണപ്രദേശങ്ങൾ ഇന്ന് ഏതു രാജ്യത്താണ്?

(A) ഇന്ത്യ (B) അഫ്ഗാനിസ്ഥാൻ
(C) ഭൂട്ടാൻ (D) പാകിസ്ഥാൻ

11. 2021 വർഷത്തിൽ സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനം ലഭിച്ച വ്യക്തികളിൽ പെടാത്തത് ആര്?

(A) ഡേവിഡ് കാർഡ് (B) ജോഷ്വാ ഡി. ആൻഗ്രിസ്റ്റ്
(C) ഗൈഡോ.W ഇം ബെൻസ് (D) മരിയ റെസ്സ

12. 2021 നവംബറിൽ നടന്ന നാഷണൽ അച്ചീവ്മെന്റ് സർവ്വേയെക്കുറിച്ച് നൽകിയ പ്രസ്താവനകൾ വിലയിരുത്തുക :

1. 3, 5, 8, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക്
2. എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും കുട്ടികൾ പരീക്ഷയിൽ പങ്കെടുക്കുന്നു
3. സംഘടനാച്ചുമതല സിബിഎസ്ഇ ക്ക്
4. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിന്
5. കുട്ടികളിലെ പഠന വിടവ് കണ്ടെത്തുന്നതിന് ഇത് സഹായകമാകും

(A) എല്ലാ പ്രസ്താവനകളും ശരിയാണ്
(B) 1, 3 പ്രസ്താവനകൾ തെറ്റാണ്
(C) 4, 5 പ്രസ്താവനകൾ തെറ്റാണ്
(D) രണ്ടാമത്തെ പ്രസ്താവന തെറ്റാണ്

13. ആധുനിക ഭൂപട നിർമ്മാണത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആരാണ്?

(A) എബ്രഹാം ഓർട്ടേലിയസ്
(B) മെർക്കാറ്റർ
(C) അനക്സിമാൻഡെർ
(D) ഹിപ്പാർക്കസ്

14. വിവിധ അന്തരീക്ഷപാളികളുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്. ശരിയായ പ്രസ്താവന/പ്രസ്താവനകൾ കണ്ടെത്തുക :

(i) മീസോസ്ഫിയർ ഉൽക്കാപതനത്തിൽ നിന്നും ഭൂമിയെ സംരക്ഷിക്കുന്നു
(ii) കാലാവസ്ഥാ പ്രതിഭാസങ്ങൾ ഉണ്ടാകുന്നത് ട്രോപ്പോസ്ഫിയറിലാണ്
(iii) സ്ട്രാറ്റോസ്ഫിയർ അൾട്രാവയലറ്റ് കിരണങ്ങൾ ഭൂമിയിൽ പതിക്കുന്നതിനെ തടയുന്നു
(iv) റേഡിയോ തരംഗങ്ങളെ മിസോസ്ഫിയർ പ്രതിഫലിപ്പിക്കുന്നു

(A) (i), (ii) & (iii)
(B) (ii) & (iv)
(C) (ii), (iii) & (iv)
(D) (i), (iii) & (iv)

15. വ്യക്തിയുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിൽ സാമൂഹ്യനിയന്ത്രണ ഏജൻസികൾ മുഖ്യപങ്ക് വഹിക്കുന്നു. ബലപ്രയോഗത്തിലൂടെ വ്യക്തിയെ നിയന്ത്രിക്കാൻ അവകാശമുള്ള സാമൂഹ്യ നിയന്ത്രണ ഏജൻസി ഏത്?

(A) കുടുംബം
(B) വിദ്യാലയം
(C) രാഷ്ട്രം
(D) മതം

16. 1955 ൽ ഇമ്പീരിയൽ ബാങ്ക് ഓഫ് ഇന്ത്യയെ ദേശസാൽക്കരിച്ചത് രൂപീകരിച്ച ബാങ്ക് ഏതാണ്?

(A) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
(B) സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ
(C) യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ
(D) യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ

17. ഇന്ത്യയിലെ രാജ്യസഭയുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് താഴെ നല്കിയിരിക്കുന്നത്. തെറ്റായ പ്രസ്താവന / പ്രസ്താവനകൾ കണ്ടെത്തുക :

(i) രാജ്യസഭയിൽ 12 അംഗങ്ങൾ നാമനിർദ്ദേശം ചെയ്യപ്പെടുന്നു

(ii) ജനപ്രതിനിധി സഭ എന്നറിയപ്പെടുന്നു

(iii) ഉപരാഷ്ട്രപതി അധ്യക്ഷം വഹിക്കുന്നു

(iv) അഞ്ച് വർഷമാണ് കാലാവധി

(A) (i) & (iii)
(B) (ii) & (iv)
(C) (i) & (ii)
(D) (iii) & (iv)

18. റിസർവ്വ് ബാങ്കിന്റെ നിലവിലെ ഗവർണ്ണർ ആരാണ്?

(A) ഊർജിത് പട്ടേൽ
(B) ശക്തികാന്ത് ദാസ്
(C) സി.സി. ദേശ്മുഖ്
(D) രഘുറാം രാജൻ

19. 'ചൊവ്വാ' പര്യവേഷണത്തിനായി മൂന്ന് അന്താരാഷ്ട്ര പേടകങ്ങൾ 2021 ഫെബ്രുവരിയിൽ ചുവന്ന ഗ്രഹമായ 'ചൊവ്വ'യിൽ എത്തിച്ചേർന്നു. ഇതിൽ നാസയുടെ പര്യവേഷപേടകം ഏതാണ്?

(A) പെഴ്സീവിറൻസ്
(B) അമാൽ
(C) ടിയാൻവെൻ-1
(D) ക്യൂര്യോസിറ്റി

20. മനുഷ്യന്റെ ചെവിക്ക് വേദനയുണ്ടാക്കുന്ന സ്വരത്തിന്റെ ഉച്ചത ———— ഡെസിബെല്ലിൽ കൂടുതലാണ്.

(A) 140
(B) 120
(C) 90
(D) 60

21. സൈക്കിൾ ചക്രത്തിന്റെ ആക്സിലിൽ എണ്ണ ഇടുന്നത് എന്തിനാണ്?

(A) ഘർഷണബലം കുറയ്ക്കാൻ
(B) വിസ്കസ് ബലം കുറയ്ക്കാൻ
(C) യാന്ത്രിക ബലം കുറയ്ക്കാൻ
(D) കാന്തികബലം കുറയ്ക്കാൻ

22. കൂട്ടത്തിൽ പെടാത്തതേത്?

(A) സ്ഥാനാന്തരം
(B) ത്വരണം
(C) വേഗം
(D) പ്രവേഗം

23. ഒരു കാന്തികമണ്ഡലത്തിന്റെ സ്വാധീനം കാരണം കാന്തവൽക്കരിക്കപ്പെടാനുള്ള കാന്തിക വസ്തുക്കളുടെ കഴിവാണ് :

(A) റിറ്റന്റിവിറ്റി
(B) കൊഹിഷൻ
(C) പെർമിയബിലിറ്റി
(D) വശഗത

24. ഒരു ബഹിരാകാശസഞ്ചാരി കാണുന്ന ആകാശത്തിന്റെ നിറം ഏത്?

(A) കറുപ്പ്
(B) വെള്ള
(C) നീല
(D) ചുവപ്പ്

25. ഒരു ദന്തഡോക്ടർ പല്ലു പരിശോധിക്കുന്നതിനായി 8 cm ഫോക്കസ് ദൂരമുള്ള ഒരു കോൺകേവ് ദർപ്പണം ഉപയോഗിക്കുന്നു. പല്ലു നിരീക്ഷിക്കുന്നതിനായി അദ്ദേഹം ദർപ്പണം പല്ലിൽ നിന്നും 4 cm ദൂരത്തിൽ പിടിക്കുന്നു എങ്കിൽ ആ പ്രതിബിംബത്തിന്റെ ആവർധനം എത്രയായിരിക്കും?

(A) 1
(B) 1.5
(C) 2
(D) 2.5

26. താഴെ തന്നിരിക്കുന്നവയിൽ ഏത് ദ്രാവകമാണ് ഒരു വസ്തുവിന്മേൽ ഏറ്റവും കൂടുതൽ പ്ലവക്ഷമബലം പ്രയോഗിക്കുന്നത്?

(A) ജലം
(B) ഗ്ലിസറിൻ
(C) മണ്ണെണ്ണ
(D) ഉപ്പുവെള്ളം

27. കേരളത്തിൽ തെർമൽ പവർ സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്ന സ്ഥലം :

(A) കായംകുളം
(B) എറണാകുളം
(C) പാലക്കാട്
(D) ആലപ്പുഴ

28. സൗരയൂഥത്തിന് പുറത്ത് ഇതുവരെ കണ്ടെത്തിയിട്ടുള്ളതിൽ വച്ച് ഏറ്റവും ചെറിയ ഗ്രഹങ്ങളിലൊന്നായ GJ367b ഭൂമിയിൽ നിന്നു എത്ര പ്രകാശവർഷം അകലെയാണ് സ്ഥിതിചെയ്യുന്നത്?

(A) 11
(B) 21
(C) 31
(D) 41

29. 30 ഗ്രാം ഗ്ലൂക്കോസ് 120 ഗ്രാം ജലത്തിൽ ലയിച്ചു കിട്ടുന്ന 150 ഗ്രാം ലായനിയിൽ ഗ്ലൂക്കോസിന്റെ മാസ്സ് ശതമാനം എത്രയാണ്?

(A) 20
(B) 30
(C) 40
(D) 50

30. വൈദ്യുത വിശ്ലേഷണം നടക്കുമ്പോൾ ഒരു ഇലക്ട്രോഡിൽ സ്വതന്ത്രമാക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവ് ഇലക്ട്രോലൈറ്റിൽ കൂടി കടന്നുപോകുന്ന വൈദ്യുതിയുടെ അളവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

(A) ബന്ധമില്ല
(B) വിപരീതാനുപാതം
(C) നേർഅനുപാതം
(D) തുല്യം

31. മാലക്കൈറ്റ് ഏത് ലോഹത്തിന്റെ അയിരാണ്?

(A) സിങ്ക്
(B) അയൺ
(C) അലുമിനിയം
(D) കോപ്പർ

32. മുഖ്യ ക്വാണ്ടം സംഖ്യ 4 ആയാൽ സാധ്യമായ ഓർബിറ്റലുകളുടെ എണ്ണം :

(A) 4
(B) 8
(C) 16
(D) 32

33. താഴെ തന്നിരിക്കുന്ന ജോഡികളിൽ സമഇലക്ട്രോണിക് സ്പീഷീസ് ഏതാണ്?

(A) $Mg, O^{2-}$ (B) $Mg^{2+}, Na$

(C) $O^{2-}, Na$ (D) $O^{2-}, Mg$

34. അയോണിക ബന്ധനത്തിൽ ഭാഗികസഹസംയോജക സ്വഭാവം വരുന്ന സാഹചര്യം ഏതാണ്?

(A) ആനയോണിന്റെ വലിപ്പം കുറയുക (B) കാറ്റയോണിന്റെ ചാർജ്ജ് കുറയുക

(C) കാറ്റയോണിന്റെ വലിപ്പം കൂടുക (D) കാറ്റയോണിന്റെ വലിപ്പം കുറയുക

35. തന്നിരിക്കുന്നവയിൽ അമ്ലശക്തി ഏറ്റവും കുറവുള്ളത് ആർക്കാണ്?

(A) HF (B) $CH_4$

(C) $NH_3$ (D) $H_2O$

36. ആവർത്തപട്ടികയുടെ 150-ാം വാർഷികം ഏത് വർഷമായിരുന്നു?

(A) 2017 (B) 2014

(C) 2003 (D) 2019

37. 2021-ൽ രസതന്ത്രത്തിന് നോബൽ സമ്മാനം കിട്ടിയത് ആർക്കാണ്?

(A) ബെഞ്ചമിൻ ലിസ്റ്റ്, ഡേവിഡ് മക്മില്ലൻ

(B) ഡാൻ ഷെറ്റ്മാൻ, ഫ്രാൻസിസ് ആർനോൾഡ്

(C) ഗ്രിഗറി വിന്റർ, പൗൽ മോഡ്റിക്

(D) അസിസ് സൻകാർ, തോമസ് ലിൻഡാൽ

38. പ്രകാശസംശ്ലേഷണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

(A) പ്രകാശസംശ്ലേഷണത്തിന്റെ ഇരുണ്ടഘട്ടം നടക്കുന്നത് ഗ്രാനയിലാണ്

(B) അന്നജം ഗ്ലൂക്കോസിന്റെ രൂപത്തിൽ സൈലത്തിലൂടെ സഞ്ചരിച്ച് സസ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേരുന്നു

(C) പ്രകാശസംശ്ലേഷണസമയത്ത് പുറത്തുവരുന്ന ഓക്സിജൻ ജലത്തിന്റെ വിഘടനഫലമായി ഉണ്ടാകുന്നതാണ്

(D) ഹരിതകം a, ഹരിതകം b, കരോട്ടിൻ എന്നിവ പ്രകാശസംശ്ലേഷണത്തിൽ നേരിട്ട് പങ്കെടുക്കുന്നു

39. ജീവികളെ അഞ്ച് കിങ്ഡങ്ങളായി വർഗ്ഗീകരിച്ച അമേരിക്കൻ സസ്യശാസ്ത്രജ്ഞൻ ആരാണ്?

(A) കാൾവൗസ് (B) റോബർട്ട് എച്ച് വിറ്റാകർ

(C) കാൾ ലിനേയസ് (D) ജോൺറേ

40. വൃക്കയിൽ ജലത്തിന്റെ പുനരാഗിരണത്തിന് സഹായിക്കുന്ന ഹോർമോൺ ഏതാണ്?

(A) TSH (B) FSH

(C) ADH (D) GTH

41. എക്സിറ്റു കൺസർവേഷനിൽ ഉൾപ്പെടാത്തത് ഏതാണ്?

(A) ബൊട്ടാണിക്കൽ ഗാർഡൻ
(B) ജീൻ ബാങ്ക്
(C) സുവോളജിക്കൽ ഗാർഡൻ
(D) നാഷണൽ പാർക്ക്

42. ഹൃദയസ്പന്ദനം, ശ്വാസോച്ഛ്വാസം തുടങ്ങിയ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗം ഏതാണ്?

(A) സെറിബെല്ലം
(B) സെറിബ്രം
(C) മെഡുല്ല ഒബ്ലോംഗേറ്റ
(D) തലാമസ്

43. താഴെ കൊടുത്തിരിക്കുന്ന പ്രത്യേകതയുള്ള സസ്യകല ഏതാണ്?

(i) കോശഭിത്തിയുടെ മൂലകങ്ങളിൽ മാത്രം കട്ടികൂടിയതരം കോശങ്ങൾ ചേർന്നത്
(ii) സസ്യഭാഗങ്ങൾക്ക് വഴക്കവും താങ്ങും നൽകുന്നു
(iii) സജീവസസ്യകല

(A) പാരൻകൈമ
(B) കോളൻകൈമ
(C) ക്ലോറൻകൈമ
(D) സ്ക്ലീറൻകൈമ

44. താഴെ കൊടുത്തിരിക്കുന്നവയിൽ 'ഒമിക്രോൺ' ഏതാണ്?

(A) B. 1.1.7
(B) B. 1.351
(C) B. 1.1.529
(D) B. 1.617

45. "സൈലന്റ് സ്പ്രിങ്" എന്ന കൃതി രചിച്ചതാരാണ്?

(A) ഗ്രേറ്റ തുൻ ബെർഗ്
(B) ഗുണ്ടർ പോളി
(C) റിച്ചാർഡ് ലൂവ്
(D) റേച്ചൽ കാഴ്സൺ

46. ഒരു സംഖ്യയുടെ 5 മടങ്ങ് ആ സംഖ്യയെക്കാൾ 4 കൂടുതലായ മറ്റൊരു സംഖ്യയുടെ 3 മടങ്ങിന് തുല്യമാണെങ്കിൽ സംഖ്യ ഏത്?

(A) 6
(B) 4
(C) 8
(D) 10

47. ചുവപ്പും നീലയും കലർത്തിയ പെയിന്റ് കൂട്ടിൽ, അവയുടെ അംശബന്ധം 4 : 3 ആണ്. ഇത് 4 : 1 ആക്കണമെങ്കിൽ ചുവപ്പ് പെയിന്റിന്റെ ———— അളവ് ചേർക്കണം.

(A) 4 മടങ്ങ്
(B) 3 മടങ്ങ്
(C) 2 മടങ്ങ്
(D) 1 മടങ്ങ്

48. താഴെ കൊടുത്തിരിക്കുന്ന 2 നിരകളിൽ നിന്നും ശരിയായത് തിരഞ്ഞെടുക്കുക :

| | | | |
|---|---|---|---|
| (i) | 24 എന്ന സംഖ്യയുടെ പോസിറ്റീവ് ആയ ഘടകങ്ങളുടെ എണ്ണം | (p) | 8 |
| (ii) | 24 കൊണ്ട് പൂർണ്ണമായി ഹരിക്കാൻ പറ്റിയ സംഖ്യ | (q) | 384 |
| (iii) | 11 കൊണ്ട് പൂർണ്ണമായി ഹരിക്കാൻ പറ്റിയ സംഖ്യ | (r) | 988592 |
| (iv) | 1 മുതൽ 25 വരെയുള്ള അഭാജ്യസംഖ്യകളുടെ എണ്ണം | (s) | 9 |

(A) (i) → (p) (ii) → (q) (iii) → (r) (iv) → (s)
(B) (i) → (q) (ii) → (p) (iii) → (s) (iv) → (r)
(C) (i) → (r) (ii) → (s) (iii) → (p) (iv) → (q)
(D) (i) → (s) (ii) → (r) (iii) → (q) (iv) → (p)

49. ഒരു ടി.വി. കമ്പിനി ഒരു പ്രത്യേകയിനം ടി.വി.യുടെ വില വർഷംതോറും 5% വീതം കുറയ്ക്കുന്നു. ടി.വി. യുടെ ഇപ്പോഴത്തെ വില 8,000 രൂപയാണെങ്കിൽ 2 വർഷം കഴിയുമ്പോൾ ടി.വി.യുടെ വില എന്തായിരിക്കും?

(A) 6,820
(B) 6,920
(C) 7,120
(D) 7,220

50. അടുത്ത സംഖ്യ ഏതായിരിക്കും?

2, 5, 9, 19, 37, ——

(A) 75
(B) 57
(C) 67
(D) 73

51. 1.44 ന്റെ വർഗ്ഗമൂലം ഏതാണ്?

(A) 0.12
(B) 1.2
(C) 0.012
(D) 0.0012

52. 125 മീറ്റർ നീളമുള്ള തീവണ്ടി 90 കി.മീ./മണിക്കൂർ വേഗത്തിൽ സഞ്ചരിക്കുന്നു. ഈ തീവണ്ടി 275 മീറ്റർ നീളമുള്ള ഒരു പാലം കടന്നുപോകാൻ എത്ര സമയം എടുക്കും?

(A) 8 സെക്കന്റ്
(B) 12 സെക്കന്റ്
(C) 16 സെക്കന്റ്
(D) 20 സെക്കന്റ്

53. സമയം 8.15 ആകുമ്പോൾ മിനിറ്റ് സൂചിയും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോൺ അളവ് എത്ര?

(A) 150 ഡിഗ്രി
(B) 152.5' ഡിഗ്രി
(C) 157.5' ഡിഗ്രി
(D) 162.5' ഡിഗ്രി

54. A,B,C ഇവർ ഒരുമിച്ച് ഒരു ജോലി 8 മണിക്കൂർ കൊണ്ട് തീർക്കും. 20 മണിക്കൂർ എടുത്താൽ A യ്ക്ക് മാത്രമായി ജോലി തീർക്കാം. 24 മണിക്കൂർ എടുത്താൽ B യ്ക്ക് മാത്രമായി ജോലി തീർക്കാം. എങ്കിൽ C യ്ക്ക് മാത്രമായി ഈ ജോലി എത്ര മണിക്കൂർ കൊണ്ട് തീർക്കാം?

(A) 28 മണിക്കൂർ
(B) 30 മണിക്കൂർ
(C) 32 മണിക്കൂർ
(D) 26 മണിക്കൂർ

55. താഴെ കൊടുത്തിരിക്കുന്നവയിൽ ഒരു ത്രികോണത്തിന്റെ വശത്തിന്റെ അളവുകൾ ആകാവുന്നത് ഏത്?

(A) 6 സെ.മീ., 8 സെ.മീ., 13 സെ.മീ.
(B) 3 സെ.മീ., 4 സെ.മീ., 8 സെ.മീ.
(C) 4 സെ.മീ., 5 സെ.മീ., 9 സെ.മീ.
(D) 16 സെ.മീ., 4 സെ.മീ., 7 സെ.മീ.

56. അനു ഒരു അലമാര വാങ്ങിയപ്പോൾ 8% വിലക്കിഴിവ് കിട്ടി. 960 രൂപയാണ് കുറഞ്ഞത്. ആ അലമാരയുടെ പരസ്യവില എത്രയാണ്?

(A) 9,600 രൂപ
(B) 11,000 രൂപ
(C) 10,600 രൂപ
(D) 12,000 രൂപ

57. A ഡിവിഷനിൽ 30 പേരുണ്ട്. അവരുടെ ശരാശരി മാർക്ക് 60 ആണ്. B ഡിവിഷനിലുള്ള 45 പേരുടെ ശരാശരി മാർക്ക് 90 ആണ്. രണ്ട് ക്ലാസ്സും കൂടി ഒന്നിച്ചാക്കിയാൽ പുതിയ ശരാശരി എത്ര?

(A) 78
(B) 75
(C) 80
(D) 76

58. ഒരു കിലോമീറ്റർ എന്നത് എത്ര മൈൽ ആണ്?

(A) 1.621
(B) 0.832
(C) 1.609
(D) 0.621

59. വാർഷികാഘോഷത്തിന്റെ ഭാഗമായി സ്കൂൾ കവാടത്തിൽ പച്ച, നീല, ചുവപ്പ് ബൾബുകൾ ഘടിപ്പിച്ചിട്ടുണ്ട്. പച്ച ബൾബുകൾ 4 സെക്കന്റ് ഇടവിട്ടും, നീല 6 സെക്കന്റ് ഇടവിട്ടും ചുവപ്പ് 9 സെക്കന്റ് ഇടവിട്ടുമാണ് പ്രകാശിക്കുന്നത്. മൂന്ന് ബൾബും ഒരുമിച്ച് പ്രകാശിക്കാൻ തുടങ്ങിയത് 8 മണിക്കാണ്. അവ എപ്പോൾ വീണ്ടും പ്രകാശിക്കും?

(A) 08 : 00 : 12 മണിക്ക്
(B) 08 : 00 : 24 മണിക്ക്
(C) 08 : 00 : 36 മണിക്ക്
(D) 08 : 00 : 40 മണിക്ക്

60. $\frac{(0.2)^3 - (0.1)^3}{(0.2)^2 + 0.2 \times 0.1 + (0.1)^2} =$

(A) 0.2
(B) 0.1
(C) 0.01
(D) 1.0

61. താഴെ കൊടുത്തിരിക്കുന്നവയിൽ സാമൂഹിക ജ്ഞാനനിർമ്മിതിവാദ പ്രകാരമുള്ള ക്ലാസ്സ് മുറിയിലെ അദ്ധ്യാപകന്റെ റോൾ അല്ലാത്തത് ഏത്?

(A) അറിവിന്റെ ദാതാവ്
(B) പഠന പങ്കാളി
(C) ഫെസിലിറ്റേറ്റർ
(D) ജനാധിപത്യ വാദിയായ സംഘത്തലവൻ

62. പഠിക്കാൻ മിടുക്കനായിരുന്ന ആദർശ് കുറച്ചുനാളുകളായി പഠനത്തിൽ തീരെ ശ്രദ്ധിക്കുന്നില്ല. പതിവായി വൈകിയാണ് ക്ലാസ്സിൽ എത്തുന്നത്. എപ്പോഴും ഒറ്റയ്ക്കിരിക്കാൻ ഇഷ്ടപ്പെടുന്നു. ആദർശിന്റെ ഈ സ്വഭാവവ്യതിയാനത്തെക്കുറിച്ച് പഠിക്കാൻ ഏറ്റവും അനുയോജ്യമായ രീതി ഏത്?

(A) ക്രിയാഗവേഷണം
(B) പരീക്ഷണരീതി
(C) കേസ് സ്റ്റഡി
(D) ആത്മനിഷ്ഠ രീതി

63. പഠന വേളയിൽ ടീച്ചർ ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ചുള്ള സഹായങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിനെ എങ്ങനെ വിശേഷിപ്പിക്കാം?

(A) സഹായിക്കൽ
(B) കൊത്താങ്ങു നൽകൽ
(C) പരുവപ്പെടുത്തൽ
(D) പ്രബലനം നൽകൽ

64. പ്രതിക്രിയാധ്യാപനം (Reciprocal Teaching) ഏത് മനഃശാസ്ത്രജ്ഞന്റെ സിദ്ധാന്തം അനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളത്?

(A) വൈഗോഡ്സ്കി
(B) പിയാഷെ
(C) ബ്രൂണർ
(D) പാവ്ലോവ്

65. ചുവടെ കൊടുത്തിരിക്കുന്നവയിൽ വൈകാരിക ബുദ്ധിയുള്ള വ്യക്തികൾക്ക് ഇല്ലാത്ത സവിശേഷത ഏത്?

(A) സ്വന്തം വികാരങ്ങൾ തിരിച്ചറിയുന്നു
(B) സ്വന്തം വികാരങ്ങൾക്ക് അനുസരിച്ച് മാത്രം പ്രവർത്തിക്കുന്നു
(C) മറ്റുള്ളവരുമായി ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കുന്നു
(D) മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കുന്നു

66. ആശയ രൂപീകരണ പ്രക്രിയയുടെ ഏതു ഘട്ടത്തിലാണ് വസ്തുക്കളുടെ അഭാവത്തിൽ അവയെപ്പറ്റി ഓർക്കാനും ചിന്തിക്കാനും കഴിയുന്നത്?

(A) പ്രതീകാത്മക ഘട്ടം
(B) പ്രവർത്തന ഘട്ടം
(C) ചിന്തന ഘട്ടം
(D) ബിംബന ഘട്ടം

67. താഴെ കൊടുത്തിരിക്കുന്നവയിൽ കേരള സ്കൂൾ പാഠ്യപദ്ധതി സമീപനം ഏത്?

(A) അധ്യാപക കേന്ദ്രീകൃതം
(B) ഉൽപ്പന്നാധിഷ്ഠിതം
(C) പ്രക്രിയാധിഷ്ഠിതം
(D) ആവശ്യാധിഷ്ഠിതം

68. 10 വയസ്സുള്ള ഉള്ള ഒരു കുട്ടിയുടെ I.Q. 98 ആയാൽ മാനസിക വയസ്സ് എത്ര?

(A) 9.8
(B) 9
(C) 98
(D) 0.98

69. സങ്കലിത വിദ്യാഭ്യാസം (Inclusive Education) ഭിന്നശേഷിക്കാരായ കുട്ടികൾക്കും മറ്റു കുട്ടികളെപ്പോലെ തുല്യ അവസരങ്ങൾ ലഭിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തിട്ടുള്ളതാണ്. സങ്കലിത വിദ്യാഭ്യാസം ഏത് സ്കൂളിലാണ് നടപ്പാക്കുന്നത്?

(A) അന്ധ വിദ്യാലയങ്ങൾ
(B) സ്പെഷ്യൽ സ്കൂളുകൾ
(C) ഓപ്പൺ സ്കൂളുകൾ
(D) പൊതുവിദ്യാലയങ്ങൾ

70. ജില്ലാ ശാസ്ത്രമേളയിൽ ഒന്നാംസ്ഥാനം നേടുക എന്ന ലക്ഷ്യത്തോടെ മനു സയൻസ് വർക്കിംഗ് മോഡൽ നിർമ്മിക്കുകയാണ്. മനുവിനെ ഈ സ്വഭാവം എന്തിനെ സൂചിപ്പിക്കുന്നു?

(A) ആന്തരിക അഭിപ്രേരണ
(B) ബാഹ്യ അഭിപ്രേരണ
(C) വർക്കിംഗ് മോഡലുകളുടെ താല്പര്യം
(D) ശാസ്ത്ര വിഷയങ്ങളോടുള്ള ഇഷ്ടം

71. കുട്ടികളുടെ വ്യക്തി വ്യത്യാസങ്ങൾ പരിഗണിക്കുന്ന ഒരു അദ്ധ്യാപിക താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് തെരഞ്ഞെടുക്കുക?

(A) കുട്ടികളെ സ്വയം പഠനത്തിന് പ്രേരിപ്പിക്കുന്നു
(B) ഇടയ്ക്കിടെ പരീക്ഷകൾ നടത്തുന്നു
(C) വൈവിധ്യമാർന്ന ബോധനരീതികൾ അവലംബിക്കുന്നു
(D) ക്ലാസ്സ് പി.ടി.എ. യോഗങ്ങൾ ഇടയ്ക്കിടെ നടത്തുന്നു

72. താഴെ കൊടുത്തിരിക്കുന്നവയിൽ നേതൃത്വപരിശീലനത്തിന് പ്രയോജനപ്പെടുന്നത് ഏത്?

(A) സ്കൂൾ പാർലമെന്റ്
(B) ക്ലബ്ബ് പ്രവർത്തനങ്ങൾ
(C) SPC
(D) ഇവയെല്ലാം

73. സ്വാംശീകരണവും സംസ്ഥാപനവും മനഃശാസ്ത്രത്തിലെ ഏത് ആശയവുമായി ബന്ധപ്പെടുന്ന പ്രക്രിയകളാണ്?

(A) സ്കീമ
(B) അഭിപ്രേരണ
(C) മസ്തിഷ്ക ബിംബാലേഖനം
(D) ഓർമ്മ

74. അദ്ധ്യാപകർക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, നൈപുണികൾ, മനോഭാവങ്ങൾ എന്നിവയെല്ലാം വിശദമാക്കുന്ന രേഖ ഏത്?

(A) NCF 2005
(B) NCF TE 2009
(C) RTE Act 2009
(D) POA 1992

75. സ്വന്തം ശക്തി ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനും കഴിവിന്റെ പരമാവധിയിലേക്ക് ഉയരാനും ഒരു വ്യക്തിയെ സഹായിക്കുന്ന ബുദ്ധി ഏതാണ്?

(A) ആന്തരിക വൈയക്തിക ബുദ്ധി

(B) വ്യക്ത്യാന്തര ബുദ്ധി

(C) ശാരീരിക ചലനപരമായ ബുദ്ധി

(D) യുക്തിചിന്താപരവും ഗണിതപരവുമായ ബുദ്ധി

76. ഒരു ആശയത്തിന്റെ വിവിധ തലങ്ങൾ അതിന്റെ കാഠിന്യമനുസരിച്ച് വ്യത്യസ്ത ക്ലാസ്സുകളിലായി പഠിപ്പിക്കുന്നതിനായി ക്രമീകരിക്കുന്ന രീതി ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) ഉദ്ഗ്രഥന രീതി

(B) വിഷയാധിഷ്ഠിത രീതി

(C) ചാക്രിക രീതി

(D) രേഖീയ രീതി

77. ഗുണവിശേഷതകളുടെ അടിസ്ഥാനത്തിൽ മാനസികമായി വർഗ്ഗീകരിക്കുന്ന വിവരങ്ങളെ എങ്ങനെ വിശേഷിപ്പിക്കാം?

(A) ജ്ഞാനം

(B) ആശയം

(C) അൽഗോരിതം

(D) ബുദ്ധി

78. പുരോഗമനപരവും ജനാധിപത്യപരവുമായ പാഠ്യപദ്ധതിയുടെ സവിശേഷത താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

(A) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ പാഠ്യപദ്ധതികൾ ഉണ്ടാകും

(B) ബുദ്ധിപരമായ ഉയർന്ന നിലവാരത്തിലുള്ള കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം ഇടകലരാൻ അനുവദിക്കുകയില്ല

(C) വളരെ സമ്പുഷ്ടവുമായതും അയവുള്ളതും ആയിരിക്കും

(D) പരീക്ഷകൾക്ക് വളരെ പ്രാധാന്യം നൽകുന്നതായിരിക്കും

79. ഡിസ്‌ലെക്സിയ ഉള്ള കുട്ടിക്ക് എന്തിനാണ് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്?

(A) സാമൂഹിക സാഹചര്യങ്ങളിൽ ശരിയായ ഇടപെടുന്നതിന്

(B) ശരീരഭാഗങ്ങളുടെ ശരിയായ ചലനങ്ങൾക്ക്

(C) കേൾവിക്കും സംസാരത്തിനും

(D) ഭാഷ ശരിയായി ഉപയോഗിക്കുന്നതിന്

80. "വിദ്യാലയം തന്നെ ഒരു പഠനോപകരണം" എന്ന ആശയവുമായി യോജിക്കുന്നത് ഏത്?

(A) ടാലന്റ് ലാബ്

(B) ഹൈടെക് വിദ്യാലയം

(C) BALA

(D) TLM

Read the following passage carefully and answer the question given below it.

In course of time, we found that we simply couldn't do without the old lady. She cooked for us, tended the child, gave us necessary courage when the child had fever or stomach-ache and we became distraught; she knew a lot of tricks about children's health, she grew very fond of the child and took her out and kept her very happy. She established herself as a benign elder at home, and for us it meant a great deal. Her devotion to the child enabled me to take my wife twice or thrice a month to a picture, on a walk along the river, or out shopping. My wife grew very fond of her and called her "Granny," so did Leela. But Susila had a price to pay for this pleasure. She lost her supremacy over the kitchen and the store. The levels in the containers at the store went down in other ways than my wife calculated. Susila protested and fought against it for some time, but the old lady had her own way of brushing aside our objections. And Susila adjusted her own outlook in the matter. "Didn't I bargain for a waste of four rupees a month? Well, it is not so hard, because she wastes only three rupees..." Our provision bill fluctuated by only three rupees, and it was a small price to pay for the great company and service of the old lady, who lived on one meal a day, just a handful of cooked rice and buttermilk. It was a wonder how she found the energy for so much activity. My wife often sat down with her in order to induce her to eat well, but it was of no avail.

**81.** What was the price that Susila had to pay for having the old lady at home?

(A) She found no time to spent with her child

(B) She had to work hard in the kitchen

(C) Her child ignored her

(D) She lost her control over the kitchen budget

**82.** Which of the following alternatives means 'benign'?

(A) Unfriendly (B) Gentle

(C) Superior (D) Strict

**83.** What made the narrator and his wife wonder?

(A) The old lady's kindness

(B) The old lady's knowledge of medicines

(C) The old lady's energy to do work

(D) The old lady's love for the child

**84.** The following sentence has three underlined parts labelled (A), (B), and (C), Find out whether there is any error in any underlined part and indicate your answer in the answer sheet against the corresponding letter. i.e. (A), (B) or (C). If you find no error, your answer should be indicated as (D) :

He replied, his father has lived in Mumbai since ten years.

(A) He replied (B) his father has lived in Mumbai

(C) since ten years (D) No error

85. The sentence given below has an underlined part. Choose the word nearest in meaning to the underlined part from the list of words given :

The conflict between the factory owner and workers was resolved by a **mutual** agreement.

(A) internal
(B) reciprocal
(C) distinct
(D) manual

86. Which of the following alternatives brings out the meaning of the phrasal verb 'spark off' clearly?

(A) suddenly happen
(B) became clear
(C) ended
(D) unpleasant situation

87. Fill in the blank with suitable article, if required. Choose from the alternatives given :

I hope to reach home in ——— hour.

(A) a
(B) an
(C) the
(D) none required

88. Which of the following statements is/are correct about language teaching/learning?

(i) Young language learners should perform tasks involving language
(ii) Young language learners should be encouraged to communicate
(iii) Young language learners should be exposed to a lot of language
(iv) Young language learners should develop fluency before they develop accuracy

(A) Only (i) & (ii)
(B) Only (ii) & (iii)
(C) Only (ii) & (iv)
(D) All of the above ((i), (ii), (iii) & (iv))

89. Language acquisition follows a natural path. Choose from the alternatives given below :

(A) Listening, Speaking, Writing, Reading
(B) Reading, Listening, Speaking, Writing
(C) Listening, Speaking, Reading, Writing
(D) Speaking, Listening, Reading, Writing

90. Language is structured at different levels. Choose the deepest and the most superficial of the levels :

(A) Phonological and Morphological
(B) Semantic and Graphical
(C) Semantic and Phonological
(D) Syntactical and Phonological

91. താഴെ തന്നിരിക്കുന്നവയിൽ തദ്ധിതത്തിന് ഉദാഹരണം ഏതാണ്?

(A) ഓട്ടം
(B) കേമത്തം
(C) നടത്തം
(D) പഠിത്തം

92. "വിരഹത്തിലല്ലാതെ ലാവണ്യം സമഗ്രമായ്
നിരവദ്യമായിട്ടു കാണുവാൻ കഴിവീല"
വരികൾ ആരുടേതാണ്?

(A) ജി. ശങ്കരക്കുറുപ്പ്
(B) പി. ഭാസ്ക്കരൻ
(C) ചങ്ങമ്പുഴ കൃഷ്ണപിള്ള
(D) ഇടപ്പള്ളി രാഘവൻ പിള്ള

93. നാടൻ പാട്ടുകളിൽ അനുഷ്ഠാനപ്പാട്ടുകൾ എന്ന വിഭാഗത്തിൽ പെടുന്നവയാണ് :

(A) കൊയ്ത്തുപാട്ട്
(B) കൈകൊട്ടിക്കളിപ്പാട്ട്
(C) മാപ്പിളപ്പാട്ട്
(D) തോറ്റംപാട്ട്

94. 'വെള്ളയിയപ്പൻ' മലയാളത്തിലെ അനശ്വരമായ ഒരു കഥയിലെ കഥാപാത്രമാണ്. ഏത് കഥയിലെ കഥാപാത്രമാണ് വെള്ളായിയപ്പൻ?

(A) കുപ്പിവളകൾ
(B) മാണിക്കൻ
(C) കടൽത്തീരത്ത്
(D) കടലിന്റെ വക്കൊത്തൊരു വീട്

95. താഴെ തന്നിരിക്കുന്നവയിൽ ഉചിതമായി ക്രമീകരിച്ചിരിക്കുന്നവ ഏതാണ്?

| | | | |
|---|---|---|---|
| 1. | നിർമ്മാല്യം | a. | സി.എൻ. ശ്രീകണ്ഠൻ നായർ |
| 2. | ചെമ്മീൻ | b. | എം.ടി. |
| 3. | കാഞ്ചനസീത | c. | സക്കറിയ |
| 4. | ഭാസ്കരപട്ടേലരും എന്റെ ജീവിതവും | d. | തകഴി |

(A) 1 – b, 2 – d, 3 – a, 4 – c
(B) 1 – d, 2 – b, 3 – c, 4 – a
(C) 1 – a, 2 – d, 3 – b, 4 – c
(D) 1 – b, 2 – d, 3 – c, 4 – a

96. പ്രകൃതിവിലാസം എന്നത് ഘടകപദങ്ങളാക്കുമ്പോൾ :

(A) പ്രകൃതിയാകുന്ന വിലാസം
(B) പ്രകൃതിയുടെ വിലാസം
(C) പ്രകൃതിയും വിലാസവും
(D) പ്രകൃതിപോലുള്ള വിലാസം

97. ശരിയായ വാക്യം ഏത്?

(A) ഭാര്യയുടെ സമ്മതത്തോടെ മരണമടഞ്ഞ വാസുദേവന്റെ കണ്ണുകൾ മാത്യുവിന് വച്ചു കൊടുത്തു

(B) മാത്യുവിന് ഭാര്യയുടെ സമ്മതത്തോടെ മരണമടഞ്ഞ വാസുദേവന്റെ കണ്ണുകൾ വച്ചുകൊടുത്തു

(C) മരണമടഞ്ഞ വാസുദേവന്റെ കണ്ണുകൾ ഭാര്യയുടെ സമ്മതത്തോടെ മാത്യുവിന് വച്ചുകൊടുത്തു

(D) വാസുദേവന്റെ കണ്ണുകൾ മരണമടഞ്ഞ ഭാര്യയുടെ സമ്മതത്തോടെ മാത്യുവിന് വച്ചുകൊടുത്തു

98. ദൈനംദിനാസൂത്രണത്തിൽ 'പ്രതിഫലനാത്മക കുറിപ്പ്' എന്ന ഭാഗത്ത് അദ്ധ്യാപകർ രേഖപ്പെടുത്തുന്നത് :

(A) പഠനപ്രവർത്തനങ്ങൾ

(B) ക്ലാസ്സിനുശേഷമുള്ള അദ്ധ്യാപകന്റെ തിരിച്ചറിവുകൾ

(C) മൂല്യനിർണ്ണയ സൂചനകൾ

(D) കുട്ടികളുടെ പ്രതികരണങ്ങൾ

99. പാഠ്യപദ്ധതി സമീപനത്തിന്റെ സവിശേഷതകളിൽ പെടാത്തത് ഏത്?

(A) പ്രവർത്തനാധിഷ്ഠിതം

(B) പഠനം ഉറപ്പാക്കുന്നത്

(C) പഠന നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തമായത്

(D) അദ്ധ്യാപക കേന്ദ്രീകൃതം

100. 'മനുഷ്യമനസ്സിനു ജന്മസിദ്ധമായ സർവ്വ ഭാഷാ വ്യാകരണം ഉണ്ട്' എന്ന ആശയം മുന്നോട്ടു വച്ചതാര്?

(A) ഇ. ബെയ്റ്റ്സ്

(B) ജീൻ പിയാഷെ

(C) ജെറോം എസ്. ബ്രൂണർ

(D) നോം ചോംസ്കി